# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSATSR(P6)45/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/03/2026
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P6)45/2026 തീയ്യതി: 05/03/2026

## തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 09-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 13-01-2026 | 20-01-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-01-2026 | 20-01-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സിനിലാൽ എ. ജി., ഓഡിറ്റ് ഓഫീസർ
സിജു പി. ഡാംസൺ, ഓഡിറ്റ് ഓഫീസർ
ജോയ്സൺ സി. ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ലക്ഷ്മിപ്രിയ പി. ഒ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജിത സന്തോഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശശികുമാർ ആർ | സെക്രട്ടറി | 01-04-2024 | 07-01-2025 |
| പീതാംബരൻ ഐ. പി | സെക്രട്ടറി | 08-01-2025 | 31-03-2025 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബിറ കെ. സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 03-11-2024 |
| ജെറുസൻ ജി | അസിസ്റ്റന്റ് സെക്രട്ടറി | 04-11-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. ശ്രുതി എം ശിവൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. മഞ്ജുഷ വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 11-08-2024 |
| ഡോ. ജയജ് ടി. എ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 12-08-2024 | 31-03-2025 |
| ഡോ. ലിറ്റി ടോം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. സിദ്ധാർത്ഥ് ശങ്കർ കെ. എം | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ദീപക് എസ്. ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| എമിലി ഐ. ആർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| അരുൺ വിജയ് | വി.ഇ.ഒ ഗ്രേഡ് II (ഒരുമനയൂർ സർക്കിൾ) | 01-04-2024 | 31-03-2025 |
| ഷീജ പി. ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 02-05-2024 |
| ഷീബ കെ. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-05-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ചെലവ് ചെയ്ത തുക ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-1 |
| 3 | മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകയ്ക്ക് തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-5 |
| 7 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിട്ടില്ല | 1-1-6 |
| 8 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകൾ, വൗച്ചറുകൾ എന്നിവ ലഭ്യമാക്കിയില്ല. | 1-1-7 |
| 9 | വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ സ്റ്റേറ്റ്മെന്റ് / ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഫണ്ട് വിനിയോഗം | 1-3 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 15 | ക്ഷേമപദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യുൾ I-6 പ്രകാരമുള്ളത്) | 1-6 |
| 16 | ക്യാഷ് പരിശോധന | 1-7 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 18 | നിയമാനുസൃത ഫീസുകൾ ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു- പഞ്ചായത്തിന് വരുമാന നഷ്ടം | 1-9 |
| 19 | അധിക നിർമ്മാണങ്ങൾ ക്രമവൽക്കരിക്കേണ്ടതാണ് | 1-10 |
| 20 | നിർമ്മാണം പൂർത്തീകരിച്ച മുഴുവൻ കെട്ടിടഭാഗങ്ങളേയും വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-11 |
| 21 | സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലെ നിർമ്മാണ അനുമതി- നിയമാനുസൃത ഫീസ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല | 1-12 |
| 22 | ക്രമവൽക്കരണ ഫയലുകളിൽമേലുള്ള തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-13 |
| 23 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണം- വസ്തു നികുതി നിർണ്ണയിച്ച് നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-14 |
| 24 | ഇ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല, ബാങ്ക് സ്റ്റേറ്റ്മെന്റ്, ഇ ടെണ്ടർ ഫീ പത്രിക ഹാജരാക്കിയില്ല | 1-15 |
| 25 | മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല | 1-16 |
| 26 | സുലേഖയിൽ പ്രോജക്ട് വിവരങ്ങൾ,ചെലവുകൾ എന്നിവ രേഖപ്പെടുത്തുന്നില്ല | 1-17 |
| 27 | ചെലവു രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 28 | വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-19 |
| 29 | ടെണ്ടർ നടപടി സ്വീകരിക്കാതെ HDPE ചട്ടികൾ വാങ്ങിയത്-സർക്കാർ നിർദ്ദേശം പാലിച്ചില്ല. ഗ്രാമപഞ്ചായത്തിന് നഷ്ടം | 1-20 |
| 30 | ടെണ്ടറിൽ നിന്നും പിൻവാങ്ങിയ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചില്ല. | 1-21 |
| 31 | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ പിൻ വലിച്ച സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചില്ല, റീ ടെണ്ടറിന് പകരം രണ്ടാമത്തെ നിരക്ക് | 1-22 |

| | | |
|---|---|---|
| | അംഗീകരിച്ചത് മൂലം 29,214രൂപ അധികം നൽകി | |
| 32 | അളവ് പുസ്തകം പ്രകാരം രേഖപ്പെടുത്തിയ ആകെ പ്രവൃത്തി മൂല്യത്തേക്കാൾ കൂടുതൽ തുക കരാറുകാരന് നല്കി.26,806 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 1-23 |
| 33 | ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം-കാര്യക്ഷമത ഉറപ്പാക്കണം | 1-24 |
| 34 | ഹഡ്കോ ലോൺ തിരിച്ചടവ് - സർക്കാർ ഗ്രാന്റിൽ നിന്നും കുറവു ചെയ്യുന്ന തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-25 |
| 35 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-26 |
| 36 | ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനം - അവലോകനം | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അളവ് പുസ്തകം പ്രകാരം രേഖപ്പെടുത്തിയ ആകെ പ്രവൃത്തി മൂല്യത്തേക്കാൾ കൂടുതൽ തുക കരാറുകാരന് നല്കി.26,806 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച് | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഒരുമനയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14.07.2025 തീയതിയിലെ 14/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 16.07.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി:05.03.2026**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 ചെലവ് ചെയ്ത തുക ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

**എ) മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപെടുത്തി**

CFC Tied Grant ഫണ്ടിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തിക്കായി ചെലവഴിച്ച തുക, തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 167 ELECTRIC VEHICLE FOR HARITHA KARMA SENA | 42400969/ 30.09.2024 | 1,75,000 | 251130803 - Solid Waste Management - Collection And Transportation | ഉചിതമായ ആസ്തി ശീർഷകം. | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് |

ബി) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി 41/25 നമ്പർ പ്രൊജക്ടിലൂടെ 9,00,000 രൂപ ചെലവഴിച്ച് ഭൂമി വാങ്ങിയത്, ഭൂമിയുമായി ബന്ധപ്പെട്ടുള്ള ഉചിതമായ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിനു പകരം 414120007 - Public Drinking Water Programmes-Tank എന്ന ആസ്തി ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്.

### 1-1-2 മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകയ്ക്ക് തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

CFC Tied, CFC Untied, എന്നീ ഗ്രാന്റുകൾ ഉപയോഗിച്ച് നടത്തിയ മൂലധന പ്രവൃത്തികൾക്ക് തത്തുല്യമായ തുക "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ.ഉ (കൈ) 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | പ്രോജക്ട് നമ്പർ/ പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|---|---|
| 1. | **Development Fund (CFC Untied Grant)** | 41/25 - Purchase Of Land For Water Tank (Jal Jeevan Mission) | 42400818/ 26.03.2025 | 9,00,000 | 414120007 - Public Drinking Water Programmes-Tank |
| 2. | **Development Fund (CFC Tied Grant)** | 167/25 - ELECTRIC VEHICLE FOR HARITHA KARMA SENA | **42400969/ 30.09.2024** | 1,75,000 | 251130803 - Solid Waste Management - Collection And Transportation |
| 3. | | 160/25 - Construction Of Drain Connecting From Muthenmavu Karyakkadavu Therdi Link Road To Thaikkadavu Masjid Road Project No. | **42401305/ 31.03.2025** | 392785 | 414140102 - Sanitation And Waste Management-Public Programmes-Waste Processing Plant |

## 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4- പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി4- ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് അക്കൗണ്ട് | ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 320200104-Development Fund-Central Finance Commission Grant- Basic Tax | 694669 | 450220104-SIB CFC (A/C No.0168053000013885) | 25,40,819 |
| | 320200113-Development | 1843284 | | |

| | | | | |
|---|---|---|---|---|
| | Fund-Central Finance Commission Grant- Tied Fund | | | |
| | ആകെ | 25,37,953 | | |

**1-1-4 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 34,83,524രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -26,65,323 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(ഇ)& (എഫ്)).

**1-1-6 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിട്ടില്ല**

താഴെ നല്കിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിട്ടില്ല

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | KERALA GRAMIN BANK BHAVANA NIDHI (40304101024469) | 1023 |
| 2 | 450210101 | SBT Chavakkad ( 123) | 200 |
| 3 | 450210102 | Other Co-Operative Bank(310) | 300 |
| 4 | 450210104 | TREASURY VPFA OWNFUND OLD123 | 204 |

**1-1-7 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകൾ, വൗച്ചറുകൾ എന്നിവ ലഭ്യമാക്കിയില്ല.**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എന്നാൽ ടി ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾ , വർക്ക് ഷീറ്റുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-1-8 വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ സ്റ്റേറ്റ്മെന്റ് / ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല.**

വാർഷിക ധനകാര്യ പത്രിക പ്രകാരം, താഴെ കൊടുത്തിരിക്കുന്ന ഫണ്ട് ഇനത്തിലെ ചെലവുകൾ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക ധനകാര്യ പത്രിക | സുലേഖ ചെലവ് പത്രിക | വ്യത്യാസം |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 36,93,361 | 36,33,334 | 60,027 |

| | | | |
|---|---|---|---|
| വിഹിതം | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 29,79,900 | 23,04,900 | 6,75,000 |

**1-1-9 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല**

എ) പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഓരോ വരവുകളും ചെലവുകളും രേഖപ്പെടുത്തുന്നില്ല. ഓരോ വർഷത്തെയും ആകെ വരവും ചെലവും നീക്കിയിരിപ്പും മാത്രമാണ് രേഖപ്പെടുത്തുന്നത്. അതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4-ൽ ഉൾപ്പെട്ടതും ഷെഡ്യൂൾ ബി-17 പ്രകാരം പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതുമായ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| ശീർഷകം | 31.03.25 ലെ നീക്കിയിരിപ്പ് |
|---|---|
| 320100105 - Awards And Honours - Central Government | 370872 |
| 320100122- Integrated Housing And Slum Development Programme | 983 |
| 320100190- Other Schemes | 51,117 |
| 320100152- Rural Housing-Housing For All | 5,64,163 |
| 320100181- Total Sanitation Campaign | 1049 |
| 320100192 - Flood Relief Grant | 1,00,000 |
| 320100196 -Integrated Child Developement Scheme | 18,87,250 |
| 320100198 - Grant From Suchitwa Mission | 2,83,000 |
| 320100199 - Other Liabilities | 44,526 |
| 320300199 - Grants, Funds & Contributions For Specific Purposes - Other Government Agencies | 1,87,191 |
| 320800101 - Beneficiary Contributions | 9,75,113 |

ബി) ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് നല്കിയതിന്റെ സ്ഥാപനത്തിന്റെ/ വ്യക്തിയുടെ വിവരം, ഡെപ്പോസിറ്റ് നല്കിയതിന്റെ ഉദ്ദേശ്യം, ക്രമീകരിക്കാനുള്ള തുകയുടെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 ഉൾപ്പെട്ട ശീർഷകങ്ങളിലെ നീക്കിയിരിപ്പുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

സി) അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ഉൾപ്പെട്ട ശീർഷകങ്ങളിലെ നീക്കിയിരിപ്പുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

**1-2 ബജറ്റ്**

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 09.02.2024 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 16,95,98,790 | 16,86,39,000 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 28.02.2025 | |
| കമ്മിറ്റി തീരുമാനം | 2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 16,97,71,823 | 16,87,14,000 |

**1-3 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 71,20,000 | 71,20,000 | 71,20,000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 37,71,662 | 37,71,662 | 37,53,110 | *18,552 |
| മെയിന്റനൻസ്, റോഡ് | | 0 | 57,37,000 | 57,37,000 | 48,30,440 | 9,06,560 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 49,57,000 | 49,57,000 | 44,88,873 | *11,79,679 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | ബാങ്ക് | 12,34,566 | 27,70,000 | 40,04,566 | 21,61,282 | 18,43,284 |
| | ട്രഷറി | ० | 10,05,656 | 10,05,656 | 195,910 | *8,09,746 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക് | ബാങ്ക് | 5,10,311 | 12,69,008 | 17,79,319 | 10,84,650 | 6,94,669 |
| | ട്രഷറി | 0 | 4 | 4 | 0 | *4 |
| ഹെൽത്ത് ഗ്രാന്റ് – രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | 1,54,134 | 2,71,812 | 4,25,946 | 1,43,467 | 2,82,479 |
| ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സികളെയും സബ്സെന്ററുകളെയും ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളാക്കി മാറ്റൽ | | 1,84,981 | 4,56,515 | 6,41,496 | 1,80,900 | 4,60,596 |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിൻറെ ശതമാനം |
|---|---|---|---|---|---|
| 179 | 7,39,50,368 | 137 | 3,44,60,812 | 46.59 | 76.53 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8,711 | 6,55,545 (പലിശ 7,005 ഉൾപ്പെടെ) | 6,64,256 | 6,64,256 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്+ മെറ്റീരിയൽ കോസ്റ്റ് | 0 | 65,58,660 | 65,58,660 | 65,58,660 | 0 |
| ആകെ | 8,711 | 72,14,205 | 72,22,916 | 72,22,916 | 0 |

## 1-6 ക്ഷേമപദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I-6 പ്രകാരമുള്ളത്)

| **പദ്ധതിയുടെ പേര്** | **ചെലവുതുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 9,40,800 | 55 |
| വിധവാ പെൻഷൻ | 1,02,43,000 | 660 |
| വാർദ്ധക്യകാല പെൻഷൻ | 1,46,04,700 | 1035 |
| വികലാംഗ പെൻഷൻ | 22,75,500 | 153 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,28,000 | 33 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2025 തീയതിയിൽ 3.00 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,178 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഓഡിറ്റ് നിരീക്ഷണങ്ങൾ ആയി ഭാഗം 1 ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 നിയമാനുസൃത ഫീസുകൾ ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു- പഞ്ചായത്തിന് വരുമാന നഷ്ടം

ഒരുമനയൂർ വില്ലേജിൽ /18/6-8, 18/5, 18/4 എന്ന സർവ്വേ നമ്പറുകളിലായി 809 ച.മീറ്റർ വിസ്തൃതിയുള്ള ഭൂമിയിൽ ഗുരുവായൂർ സന്ദീപനി സേവാ സമിതി ട്രസ്റ്റിന്റെ , ഉടമസ്ഥതയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള A2 (അനാഥാലയം) ഉപയോഗക്രമത്തിൽ ഉൾപ്പെടുന്ന കെട്ടിടത്തിന് SC2/1843/2022 നമ്പർ ഫയൽ പ്രകാരം ഒക്യുപ്പൻസി (കെട്ടിട നമ്പർ II/228 C ) അനുവദിക്കുകയും 2024-25 ആദ്യ പകുതി മുതൽ വസ്തു നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ, വസ്തു നികുതി ഡാറ്റാ ബേസ് സഞ്ചയ എന്നിവ പ്രകാരമുള്ള വിവരങ്ങളും 17.01.2026 തീയതിയിൽ എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗവും ഓഡിറ്റ് ടീമും നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ട വിവരങ്ങളും താഴെ നല്കുന്നു.

| | ആകെ ബിൽട്ട് അപ് ഏരിയ | ആകെ ഫ്ലോർ ഏരിയ |
|---|---|---|
| കംപ്ലീഷൻ പ്ലാൻ പ്രകാരം | 1291.58 | 1264.85 |
| സ്ഥല പരിശോധനയിൽ അളന്നെടുത്തത് പ്രകാരം | 1345.85 | 1295.46 |
| സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ | 1194.8 | - |

ഫയൽ, സ്ഥല പരിശോധനയിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 15.11.2017 തീയതിയിൽ 1241.18 ച. മീറ്റർ വിസ്തീർണ്ണമുള്ള അനാഥാലയം നിർമ്മിക്കുവാൻ അനുവദിച്ചിരുന്ന A3/2868/17/ നമ്പർ പെർമിറ്റ് 14.11.2020 വരെ പുതുക്കി നൽകിയിട്ടുണ്ട്. ആയത് ഉപയോഗിച്ചാണ് മേൽ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. പെർമിറ്റിൽ നിന്നും വ്യതിചലിച്ച്, അധികമായി നിർമ്മിച്ച 104.67ച.മീറ്റർ ( 1345.85-1241.18) ക്രമവൽക്കരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. KPBR 2011 ചട്ടം 35, പട്ടിക 2 അനുസരിച്ച് കാറ്റഗറി II പഞ്ചായത്തുകളിൽ A2 ഉപയോഗക്രമത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് അധിക ഫീ ഈടാക്കാതെ അനുവദിക്കാവുന്ന പരമാവധി FSI 1.5 ഉം അധിക ഫീ ഈടാക്കി അനുവദിക്കാവുന്ന FSI 2.25 ഉം ആണ്. മേൽ കെട്ടിടത്തിന്റെ FSI 1.6 (1295.46/809) ആണെന്നിരിക്കെ 81.96 ച മീറ്റർ (1295.46-(1.5X809)) അധിക ഫ്ലോർ ഏരിയക്ക് 5,000 രൂപ / ച.മീറ്റർ എന്ന നിരക്കിൽ 4,09,800 രൂപ ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. A2 (അനാഥാലയം) ഉപയോഗക്രമത്തിൽ പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന് A1 ഉപയോഗക്രമത്തിൽ (പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ- വീടുകൾ) ഉൾപ്പെടുത്തി 10 രൂപ അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ച് 2024-25 ആദ്യപകുതി മുതലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. വസ്തു നികുതി പുതുക്കി നിശ്ചയിച്ചു കൊണ്ടുള്ള 17.10.2023 തീയതിയിലെ SC2/2288/23 നമ്പർ അന്തിമ വിജ്ഞാപനം അനുസരിച്ച് മേൽ കെട്ടിടത്തിൽ (ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ 300 ച.മീറ്ററിനു മുകളിലുള്ളവ) നിന്നും 70 രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/19.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദേശങ്ങൾ:**

1. പെർമിറ്റിൽ നിന്നും വ്യതിചലിച്ച്, അധികമായി നിർമ്മിച്ച 104.67ച.മീറ്റർ ( 1345.85-1241.18) കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95(4) അനുസരിച്ച് 18,840 രൂപ രാജിയാക്കൽ ഫീ (104.67x2x90) ഈടാക്കി ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. അധിക ഫ്ലോർ ഏരിയക്ക് 5,000 രൂപ /ച.മീറ്റർ എന്ന നിരക്കിൽ 4,09,800 രൂപ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. മേൽ കെട്ടിടത്തെ A2 (ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ 300 ച.മീറ്ററിനു മുകളിലുള്ളവ -അനാഥാലയം) ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 70 രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 അധിക നിർമ്മാണങ്ങൾ ക്രമവൽക്കരിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95(4) അനുസരിച്ച് പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണങ്ങളെ രാജിയാക്കൽ ഫീ ഈടാക്കി ക്രമവൽക്കരിക്കേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ച ഫയൽ നമ്പർ 2863/24, 509/24 എന്നിവയിൽ നിന്നും ക്രമവൽക്കരണ ഫീ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നല്കുന്നു.

| ഫയൽ നമ്പർ | സർവ്വേ നമ്പർ, വില്ലേജ് | ഉടമസ്ഥന്റെ വിവരങ്ങൾ | ഉപയോഗക്രമം | നിർമ്മാണം പൂർത്തീകരിച്ച വിസ്തീർണ്ണം (ച.മീറ്റർ) | കെട്ടിട നമ്പർ | പെർമിറ്റ് നമ്പർ/ തീയതി | പെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണം (ച.മീറ്റർ) | ക്രമവൽക്കരിക്കേണ്ട വിസ്തീർണ്ണം | ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് |
|---|---|---|---|---|---|---|---|---|---|
| 2863/24 | ഒരുമനയൂർ വില്ലേജ് 91/9-2 | ശ്രീ അബ്ദുൾ വഹാബ്, ശ്രീ അബ്ദുൾ ലത്തീഫ് | പാർപ്പിടം-വാണിജ്യ (A1&F) | പാർപ്പിടം-183.06<br>വാണിജ്യം-391.58<br>ആകെ- 574.64 | V/60C-V/60 K | A1-BA(175805)/2023 | പാർപ്പിടം-179.09<br>വാണിജ്യം-370.48<br>ആകെ-549.57 | പാർപ്പിടം-3.97<br>വാണിജ്യം-21.1 | പാർപ്പിടം-3.97X2X100=794<br>വാണിജ്യം-21.1X2X120=5064<br>**ആകെ =5858** |
| 509/24 | ഒരുമനയൂർ വില്ലേജ് 204/1-2, 204/2-1, 203/21A-21, 203/17 | ശ്രീ കാദർമോൻ, വലിയകത്ത് ചിറക്കൽ | പാർപ്പിടം (A1) | 375.25 | X/186A | A6-BA(36364)/2021 | 341.87 | 33.38 | **33.38X2X100=6676** |

കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിന്റെ രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 05/16.01.2026) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവൽക്കരണ ഫീ 12,534 രൂപ (5858+6676) ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 നിർമ്മാണം പൂർത്തീകരിച്ച മുഴുവൻ കെട്ടിടഭാഗങ്ങളേയും വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

ഒരുമനയൂർ വില്ലേജിൽ 91/9-2 എന്ന സർവ്വേ നമ്പറിൽ ശ്രീ അബ്ദുൾ വഹാബ്, നാലകത്ത് കുറ്റിക്കാട്ട്, ശ്രീ അബ്ദുൾ ലത്തീഫ്, നാലകത്ത് കുറ്റിക്കാട്ട് എന്നിവരുടെ ഉടമസ്ഥതയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 574.64 ച.മീറ്റർ (372.42 ച.മീറ്റർ-F& 202.22 ച.മീറ്റർ -A1) വിസ്തീർണ്ണമുള്ള പാർപ്പിടം-വാണിജ്യ (A1&F) ഉപയോഗക്രമത്തിൽ ഉൾപ്പെടുന്ന കെട്ടിടത്തിന് SC2/2863/2024 ഫയൽ നമ്പർ പ്രകാരം ഒക്യുപ്പൻസി (കെട്ടിട നമ്പർ V/60C- 5V/60 K )അനുവദിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി നിർണ്ണയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | വസ്തു നികുതി ഈടാക്കി തുടങ്ങിയത് | ഉപയോഗക്രമം | അടിസ്ഥാന വസ്തു നികുതി നിരക്ക് |
|---|---|---|---|---|
| V/60 C | 63.83 | 2024 ആദ്യ പാദം മുതൽ | വാണിജ്യാവശ്യം-100 ച.മീ വരെയുള്ളവ | 60 |
| V/60 D | 49.44 | | | |
| V/60 E | 23.18 | | വാണിജ്യാവശ്യം-100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 70 |
| V/60 F | 63.83 | | വാണിജ്യാവശ്യം-100 ച.മീ വരെയുള്ളവ | 60 |
| V/60 G | 30.48 | | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് | 8 |
| V/60 H | 27.26 | | | |

| | | | | |
|---|---|---|---|---|
| V/60 I | 54.12 | | നൽകുന്നത്) 300 ച.മീ.വരെയുള്ളവ -അപ്പാർട്ട് മെൻറുകൾ | |
| V/60 J | 14.1 | 2024 രണ്ടാം പാദം മുതൽ | വാണിജ്യാവശ്യം-100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 70 |
| V/60 K | 12.25 | | | |
| ആകെ വിസ്തീർണ്ണം | 338.49 ച.മീറ്റർ (226.63 ച.മീറ്റർ-F 111.86 ച.മീറ്റർ - A1) | | | |

കെട്ടിട ഉടമ സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാൻ, അസിസ്റ്റന്റ് എൻജിനീയറുടെ 29.10.2024 തീയതിയിലെ അന്വേഷണ റിപ്പോർട്ട് എന്നിവ പ്രകാരം ആകെ നിർമ്മിത വിസ്തീർണ്ണം 574.64 ച.മീറ്റർ ആണെന്നിരിക്കെ 338.49 ച.മീറ്റർ വിസ്തൃതി മാത്രം വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/17.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. 236.15 ച.മീറ്റർ (145.79 ച.മീറ്റർ-F,90.36ച.മീറ്റർ-A1) വിസ്തൃതി കൂടി ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-12 സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലെ നിർമ്മാണ അനുമതി- നിയമാനുസൃത ഫീസ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല

ഹിദായത്ത് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ഒരുമനയൂർ വില്ലേജിലെ 48/6-1 സർവ്വേ നമ്പർ നഞ്ച ഭൂമിയിൽ 1356.76 ച.മീറ്റർ (14604.04ച .അടി) വിസ്തൃതിയിൽ വിദ്യാഭ്യാസ സ്ഥാപനം നിർമ്മിക്കുന്നതിന് 2357/2024 നമ്പർ ഫയൽ പ്രകാരം 17.05.2025 തീയതിയിൽ A1-BA(155423)/2025 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 48/6-1 സർവ്വേ നമ്പറിലുള്ള 22.36 ആർ നഞ്ച ഭൂമി, 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം, ഭേദഗതി 2018 വകുപ്പ് 27(എ)അനുസരിച്ച് സ്വഭാവവ്യതിയാന അനുമതി നല്കി 25.03.2022 തീയതിയിൽ തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവായിട്ടുണ്ട് (നമ്പർ ബി2/8548/2020/). മേൽ ഉത്തരവിൽ സ്വഭാവവ്യതിയാനം വരുത്തിയ ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 3000 ച.അടിയിൽ കൂടുതലാണെങ്കിൽ അധികമായി വരുന്ന ഓരോ ച.അടിക്കും 100 രൂപ നിരക്കിൽ ഫീസ് ഈടാക്കണമെന്ന് നിർദേശിച്ചിരുന്നു. അധിക നിർമ്മാണത്തിന് (14604.04-3000=11604.04) ഫീ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (14/19.01.2026) ലഭ്യമാക്കിയിട്ടില്ല.

2008 ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ വകുപ്പ് 14 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലും എന്തുതന്നെ അടങ്ങിയിരുന്നാലും നിയമത്തിന് വിരുദ്ധമായി പരിവർത്തനപ്പെടുത്തിയ നെൽവയലിലോ, തണ്ണീർത്തടത്തിലോ, വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വഭാവ വ്യതിയാനം വരുത്തിയ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ എന്തെങ്കിലും പ്രവൃത്തിയോ, നിർമ്മാണമോ നടത്തുന്നതിനുള്ള യാതൊരു ലൈസൻസും തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 3000 ച.അടി വരെയുള്ള നിർമ്മാണത്തിനാണ് RDO അനുമതി എന്നിരിക്കെ 14604.04 ച.അടി നിർമ്മാണത്തിനുള്ള പെർമിറ്റ് ഗ്രാമപഞ്ചായത്ത് അനുവദിച്ചത് നിയമാനുസൃതമല്ല. ഇക്കാര്യം പരിശോധിച്ച് മറുപടി നൽകേണ്ടതാണ്.

കെട്ടിട നമ്പർ അനുവദിക്കുന്നതിനു മുൻപ് തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിൽ നിർദേശിച്ചപ്രകാരമുള്ള ഫീസ് (അനധികൃതവുമായി നിർമ്മിച്ച 11604.04 ച.അടിക്ക്, ഒരു ച.അടിക്ക് 100 രൂപ എന്ന നിരക്കിൽ 11,60,404 രൂപ) കെട്ടിട ഉടമ അടവാക്കിയിട്ടുണ്ടെന്നു ഉറപ്പുവരുത്തി സർക്കാരിനുണ്ടായേക്കാവുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 1-13 ക്രമവൽക്കരണ ഫയലുകളിൽമേലുള്ള തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നുള്ള പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കിരിക്കുന്നതിന് / കെട്ടിട നമ്പർ അനുവദിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും സാങ്കേതിക കാരണങ്ങൾ ചൂണ്ടികാണിച്ച് കത്ത് നല്കിയിട്ടുള്ളതുമായ ഫയലുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 2372/24 | പാർപ്പിടം | 402.69 |
| 2 | 1924/24 | | 259.19 |
| 3 | 1901/24 | | 150.68 |
| 4 | 1871/24 | | 104.97 |

| | | | |
|---|---|---|---|
| 5 | 1869/24 | | 76.30 |
| 6 | 1851/24 | വാണിജ്യം | 138.8 |

മേൽ ഫയലുകളിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 06/16.01.2026) സാങ്കേതിക കുറവുകൾ പരിഹരിക്കുന്നതിനായി കെട്ടിട ഉടമകൾക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1) ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.

പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതു വരെ കെട്ടിടങ്ങളെ അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(3) പ്രകാരമുള്ള നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണം- വസ്തു നികുതി നിർണ്ണയിച്ച് നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

5G നെറ്റ്‌വർക്ക് പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ, 19.01.2023 ലെ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഭേദഗതി വരുത്തിയിട്ടുണ്ട് (19.01.2023 ലെ സ.ഉ(അ)10/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്). മേൽചട്ട ഭേദഗതി പ്രകാരം മൊബൈൽ ടവറുകളുടെ നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പെർമിറ്റ് ഒഴിവാക്കിയിട്ടുള്ളതാണ്. നിശ്ചിത മാതൃകയിലുള്ള (അനുബന്ധം A5) ഇന്റിമേഷനൊപ്പം നിയമാനുസൃത പ്ലാൻ ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ പഞ്ചായത്തിൽ സമർപ്പിക്കുകയും ചട്ടപ്രകാരമുള്ള ഫീസ് അടവാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ അനുമതി കൂടാതെ തന്നെ മൊബൈൽ ടവർ നിർമ്മാണം നടത്താവുന്നതാണ്. നിർമ്മാണം പൂർത്തീകരിച്ച ശേഷമുള്ള കംപ്ലീഷൻ റിപ്പോർട്ട്, നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് സമർപ്പിച്ച ഇന്റിമേഷനോടൊപ്പം സമർപ്പിക്കേണ്ടതും, സെക്രട്ടറി സൈറ്റ് പരിശോധിച്ച് നിർമ്മാണം നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി അനുവദിക്കേണ്ടതുമാണ്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം മൊബൈൽ ടവർ നിർമ്മിക്കുന്നതിനായി ഇന്റിമേഷൻ സമർപ്പിച്ച താഴെ കൊടുത്തിരിക്കുന്ന അപേക്ഷ പ്രകാരമുള്ള ടവറിന് നാളിതുവരെയും വസ്തുനികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | തുക അടവാക്കിയ രസീത് നമ്പർ / തീയതി | തുക | വാർഡ് | സർവ്വേ നമ്പർ, വില്ലേജ് | സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള ടവറിന്റെ വിസ്തീർണ്ണം(ച.മീ) | അപേക്ഷകൻ |
|---|---|---|---|---|---|---|
| 570/25 | 1240102223/ 06.03.2025 | 10,000 | 7 | 183/6 ഒരുമനയൂർ വില്ലേജ് | 8.41 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് |

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ :07/16.01.2025)

## 1-15 ഇ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല, ബാങ്ക് സ്റ്റേറ്റ്മെന്റ്, ഇ ടെണ്ടർ ഫീ പത്രിക ഹാജരാക്കിയില്ല

ഇ ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ആരംഭിച്ചിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ നമ്പർ 38114441038 നമ്പർ അക്കൗണ്ടിൽ 31.03.2025 തീയ്യതിയിൽ 92,943.95 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഓഡിറ്റ് നടക്കുന്ന തീയ്യതിയിൽ (20.01.2026) 1,39,833.95 രൂപയാണ് നീക്കിയിരിപ്പ്. ഇടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല. ഈ തുക വരുമാനമായും അതേസമയം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ലഭിയ്ക്കാനുള്ളതുമായി വാർഷികകണക്കിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

ഓഡിറ്റ് ശുപാർശകൾ

(1)ഇ ടെണ്ടർ ഫീയിനത്തിലുള്ള തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ സമയബന്ധിതമായി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2)ഇ ടെണ്ടർ ഫീയിനത്തിലുള്ള തുകയും ഈ ആവശ്യത്തിന് തുടങ്ങിയ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുന്നോയെന്ന് പരിശോധിക്കുന്നതിന് ഇ ടെണ്ടർ സൈറ്റിൽ നിന്നും ഇത് സംബന്ധിച്ച പട്ടിക ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. ഈ പട്ടിക ഹാജരാക്കേണ്ടതാണ്.

(3)അതാത് വർഷം ലഭിച്ച തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നതിന് തുക ലഭിച്ചതിന്റെ വിവരങ്ങൾ ഇ ടെണ്ടർ സൈറ്റിൽ നിന്നും ലഭ്യമാക്കി ഗ്രാമപഞ്ചായത്തിലേയ്ക്ക് കൈമാറേണ്ടതും ഈ തുക അതാത് വർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വരുമാനമായും ബാലൻസ്ഷീറ്റിൽ ഈ തുക കിട്ടാനുള്ളതായും ഗ്രാമപഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗം രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്.

(4)ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് ഇ ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്ന ബാങ്ക് അക്കൗണ്ടിന് പുറമെ ചാവക്കാട് ട്രഷറിയിൽ 799011400005684 അക്കൗണ്ട് സൂക്ഷിക്കുന്നുണ്ട്. എന്നാൽ 18/02/22 വരെ രേഖപ്പെടുത്തലുകൾ വരുത്തിയ പാസ്സ്ബുക്ക് പകർപ്പാണ് ലഭ്യമാക്കിയത്. ഈ അക്കൗണ്ടിന്റെ 31.03.25 വരെയുള്ള കാലയളവിലെ പത്രിക BIMS ൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.04/14.01.2026, ഓഡിറ്റ് റിക്വസിഷൻ 04/ 20.01.2026)

## <u>1-16 മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല</u>

1.പ്രോജക്ട് നം:180/25

പേര്: ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യകേന്ദ്രം)

അടങ്കൽ.1,00,000/-

ചെലവ്.1,00,000/-

വൗച്ചർ നം:42401156/24.03.2025

2. പ്രോജക്ട് നം:94/25

പേര്: പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് മരുന്ന് ഉപകരണങ്ങൾ ഫർണീച്ചർ

നിർവ്വണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യകേന്ദ്രം)

അടങ്കൽ:2,00,000/-

ചെലവ്:2,00,000/-

വൗച്ചർ നം:42401060/19.02.2025 തുക:1,10,000/-

മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം ഹോംകോ, KMCL എന്നി സ്ഥാപനങ്ങൾക്ക് മരുന്ന് ലഭ്യമാക്കുന്നതിന് യഥാക്രമം 1,00,000/-, 1,10,000/- എന്നിങ്ങനെ നൽകിയിട്ടുണ്ട്.എന്നാൽ താഴെ പറയുന്ന പ്രകാരം മരുന്നുകൾ ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോഫോർമ ഇൻവോയ്സ് നം | ലഭിച്ച മരുന്നുകൾ | ബാലൻസ് |
|---|---|---|---|---|
| 1 | 180/2025 | PF-1439 തി.21/03/2025 തുക.1,00,000/- | LF-171/15.05.2025<br>തുക.64,218 | 35,782 |
| 2 | 94/2025 | PF-3395 തി.01/02/2025<br>തുക.1,10,000/- | 2759/17.12.2025<br>തുക.74,379<br>1916/11.09.2025<br>തുക.19,340 | 16,281 |

ബാക്കിയുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 18/20.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## <u>1-17 സുലേഖയിൽ പ്രോജക്ട് വിവരങ്ങൾ,ചെലവുകൾ എന്നിവ രേഖപ്പെടുത്തുന്നില്ല</u>

1. പ്രോജക്ട് നം:135/25(സ്പിൽ ഓവർ)

പേര്: പാലിയേറ്റീവ് കെയർ

നിർവ്വണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യകേന്ദ്രം)

അടങ്കൽ:60,327/-(പൊതുവിഭാഗം-ജനറൽ)

ചെലവ്:60,327/-

വൗച്ചർ നം:42400933/30.05.2024 തുക.5,474
വൗച്ചർ നം:42400934/30.05.2024 തുക.25,260
വൗച്ചർ നം:42400935/30.05.2024 തുക.24,520
വൗച്ചർ നം:42401047/31.01.2025 തുക.4,773

2. പ്രോജക്ട് നം:188/25(സ്പിൽ ഓവർ)

പേര്. ലൈഫ് ഭവന പദ്ധതി -ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ-എസ്.സി.പി

നിർവ്വണോദ്യോഗസ്ഥൻ. വി.ഇ.ഒ.

അടങ്കൽ.6,75,000/-(പൊതു വിഭാഗം-എസ്.സി.പി)

ചെലവ്.6,75,000/-

വൗച്ചർ നം:42401038/17.01.2025 തുക:2,25,000

വൗച്ചർ നം:42401057/12.02.2025 തുക:4,50,000

വാർഷിക ധനകാര്യ പത്രിക പ്രകാരം മേൽ പദ്ധതികൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതികളോ, ആയതിന്റെ ചെലവുകളോ സുലേഖ പത്രികയിൽ രേഖപ്പെടുത്തിയില്ല. ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 17/20.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സുലേഖയിൽ നിന്നുള്ള എല്ലാ പ്രോജക്ടുകളുടെയും ലിസ്റ്റ് പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ പദ്ധതികൾ റിവൈസ് ചെയ്യുന്നതിന് അയച്ചിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രോജക്ടുകളുടെ വിവരങ്ങൾ സുലേഖയിൽ രേഖപ്പെടുത്തുന്നില്ല. പദ്ധതികൾ റിവൈസ് ചെയ്ത് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് വരെയുള്ള ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തുന്നുണ്ട്. ഇത്തരത്തിൽ റിവൈസ് ചെയ്യുന്നതിന് അപേക്ഷിച്ച ശേഷം ഈ പ്രോജക്ടുകളിൽ വരുന്ന ചെലവുകൾ സുലേഖ കണക്കിൽ ഉൾപ്പെടുന്നില്ല എന്നതിനാൽ വാർഷിക കണക്കിലെ ചെലവുകളുമായി വ്യത്യാസം വരുന്നതിന് സാധ്യതയുണ്ട്. ആയതിനാൽ റിവൈസ് ചെയ്യുന്നതിന് സമർപ്പിച്ചിട്ടുള്ള എല്ലാ പ്രോജക്ടുകളും യഥാസമയം അംഗീകാരം വാങ്ങി സുലേഖപത്രികയിലും വാർഷിക പത്രികയിലും ചെലവുകൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. വരും വർഷങ്ങളിൽ ഇത്തരം ന്യൂനതകൾ ഒഴിവാക്കേണ്ടതാണ്.

**<u>1-18 ചെലവു രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു</u>**

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി 2024-25 വർഷത്തിൽ നടപ്പാക്കിയ താഴെ കാണും പ്രകാരമുള്ള പ്രോജക്ടുകളുടെ ചെലവു രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1) പ്രോജക്ട് നം.111/25ഹൈസ്കൂൾ വിദ്യർത്ഥികൾക്ക് പഠനാവശ്യത്തിനുള്ള മേശയും കസേരയും നൽകൽ -എസ്.സി.(സ്പിൽ ഓവർ)**

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

വകയിരുത്തിയ തുക- 1,00,000

ചെലവഴിച്ച തുക-99,963 (പ്രത്യേക ഘടക പദ്ധതി)

വൗച്ചർ നമ്പർ-42400889/13.05.2024

എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ ഹാജരാക്കിയിട്ടില്ല. അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച രേഖകൾ, പർച്ചേയ്സ് ഫയൽ, ചെലവുരേഖകൾ, വിതരണ വിശദാംശങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ (നമ്പർ6/20.01.2026), ഓഡിറ്റ് എൻക്വയറി(നമ്പർ. 21/20.01.2026) എന്നിവ നൽകിയിട്ടുണ്ടെങ്കിലും മറുപടി നൽകിയിട്ടില്ല. ചെലവു രേഖകളുടെ അഭാവത്തിൽ തുക99,963 രൂപ തടസ്സപ്പെടുത്തുന്നു.

**2) എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- രേഖകൾ ഹാജരാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി

പ്രോജക്ട്. 138/25 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ

വകയിരുത്തിയ തുക-4,93,375

ചെലവഴിച്ച തുക-4,65,394

(വികസന ഫണ്ട് എസ്.സി.പി തുക-83,325 വൗച്ചർ നമ്പർ.42400890/13.05.2024

ജില്ലാ പഞ്ചായത്ത് വിഹിതം തുക.3,82,069 വൗച്ചർ നമ്പർ.42400937/14.06.2024)

മേൽ പ്രോജക്ട് പ്രകാരം എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതു പ്രകാരം KM ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും മൂന്നു വർഷ വാറണ്ടിയുള്ള Acer-13/512/14 Linux ലാപ്ടോപ്പുകൾ (രണ്ട് എണ്ണം)വാങ്ങിയതിന്റെ 83,325 രൂപയുടെ ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

മേൽ വൗച്ചറുകൾ പ്രകാരം 4,65,394 രൂപ ചെലവഴിച്ചിട്ടുണ്ട്. വാങ്ങിയ ലാപ്ടോപ്പുകളുടെ എണ്ണം, ഗ്രാമസഭ/ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ്, പർച്ചേയ്സ് ഫയൽ, ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച രേഖകൾ, വിതരണം ചെയ്തതിന്റെ രേഖകൾ, ട്രഷറി പെയ്ഡ് റിപ്പോർട്ട്/UTR, വിതരണ സ്ഥാപനവുമായി ഏർപ്പെട്ട കരാർ, മോണിറ്ററിംഗ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ (നമ്പർ3/20.01.2026), ഓഡിറ്റ് എൻക്വയറി (നമ്പർ.15/20.01.2026) എന്നിവ നൽകിയിട്ടുണ്ട്. ചെലവു രേഖകളുടെ അഭാവത്തിൽ 4,65,394 രൂപ തടസ്സപ്പെടുത്തുന്നു.

**3) 172/25 പി.എം.എ.വൈ ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ(എസ്.സി.പി.)**

വകയിരുത്തിയ തുക-70,000

ചെലവഴിച്ച തുക-70,000

വൗച്ചർ നമ്പർ.42401002/17.12.2024

മേൽ പ്രോജക്ട് പ്രകാരം പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന് 70,000രൂപ വിഹിതം നൽകിയിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ (നമ്പർ6/20.01.2026), ഓഡിറ്റ് എൻക്വയറി

(നമ്പർ.21/20.01.2026) എന്നിവ നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവു രേഖകളുടെ അഭാവത്തിൽ തുക 70,000രൂപ തടസ്സപ്പെടുത്തുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12 പ്രകാരം ആഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും രജിസ്റ്ററുകളും കണക്കുകളും സെക്രട്ടറി നൽകേണ്ടതാണെന്നും, ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ, നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ലായെന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണെന്നും, ആഫീസ് ഉത്തരവുകളുടേയും പഞ്ചായത്ത് തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ ഏൽപ്പിച്ചിട്ടുള്ള കൃത്യങ്ങളിൽ വീഴ്ച വരുത്തിയതു മൂലമുള്ള നഷ്ടങ്ങൾക്കും പാഴ്ചെലവിനും ദുർവിനിയോഗങ്ങൾക്കുമുള്ള ഉത്തരവാദി ജോലിവിഭജനമനുസരിച്ചുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യങ്ങളിൽ അയാളുടെ മേലുദ്യോഗസ്ഥനും സെക്രട്ടറിയ്ക്കും മേൽനോട്ട പിശകിനും ഉത്തരവാദിത്തമുണ്ടായിരിക്കുന്നതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ചെലവു രേഖകൾ ഹാജരാക്കുന്നതിനും തടസ്സവാദം ഒഴിവാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തിൽ നടപ്പാക്കിയ താഴെ പട്ടികയിൽ പറയുന്ന പ്രോജക്ടുകളിലെ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 26.4.2019ന് നിലവിൽ വന്ന സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾ GeM (Government E-Market Place) മുഖേന ആയിരിക്കണമെന്നും, ആവശ്യമായ സ്പെസിഫിക്കേഷൻ GeMൽ ഇല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗങ്ങളായ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 08.11.2010-ലെ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ. ഉത്തരവ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 3.2 പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളിൽ ടെണ്ടർ നടപടി സ്വീകരിക്കണം.

എന്നാൽ പട്ടിക ക്രമ നമ്പർ 3 പ്രകാരമുള്ള വാങ്ങലിൽ ടെണ്ടർ/GEM മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പകരം അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് ഭരണ സമിതി തീരുമാനമെടുക്കുകയാണ് ചെയ്തിട്ടുള്ളത്. സർക്കാർ പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തുന്നതിന് ഭരണ സമിതി അംഗീകാരം നൽകിയത് നിയമാനുസൃതമല്ല. 08.11.2010ലെ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ. ഉത്തരവ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 3.2 പ്രകാരം 25,000 രൂപ വരെയുള്ള വാങ്ങലുകൾ മാത്രമേ ക്വട്ടേഷൻ നടപടി സ്വീകരിച്ച് വാങ്ങുവാൻ പാടുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നതിനാൽ മത്സരാധിഷ്ഠിത ടെണ്ടർ നടപടികളില്ലാതെ വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല എന്നു കാണുന്നു. ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് | പേര് | സ്ഥാപനം | ചെലവഴിച്ച തുക/ വൗച്ചർ നമ്പർ | തീരുമാനം | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | 215/25 | ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ | ARTCO-Thrissur | 14,868/ 42400819/ 26.03.2025 | 04.03.2025 ലെ 1(5) | ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല |
| 2 | 209/25 | ജലഗുണ നിലവാര പരിശോധനയ്ക്ക് സ്കൂളുകൾക്ക് കിറ്റുകൾ നൽകൽ | കെമിന്റ് തൃശ്ശൂർ | 7,030/ 42401102/ 10.03.2025 | ഇല്ല. | ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല, പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല. സ്കൂൾ ലാബ് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. |
| 3 | 191/25 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഫർണിച്ചർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | ARTCO-Thrissur | 1,57,631/ 42400979/ 03.12.2024 | 26.11.2024 ലെ 1 (1) | ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

(ഓഡിറ്റ് എൻക്വയറി നമ്പർ.15/20.01.2026)

## 1-20 ടെണ്ടർ നടപടി സ്വീകരിക്കാതെ HDPE ചട്ടികൾ വാങ്ങിയത്-സർക്കാർ നിർദ്ദേശം പാലിച്ചില്ല. ഗ്രാമപഞ്ചായത്തിന് നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ. കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ 123/25-ടെറസ്സിലും മുറ്റത്തും പച്ചക്കറി കൃഷി (സ്പിൽ ഓവർ)

വകയിരുത്തിയ തുക-72,000

ചെലവഴിച്ച തുക-72,000

വൗച്ചർ നമ്പർ.42401016/20.12.2024

സ്പിൽ ഓവറായ പ്രോജക്ടിന്റെ ഭാഗമായി പോട്ടിംഗ് മിശ്രിതം നിറച്ച HDPE ചട്ടികളിൽ തൈച്ചെടികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന് മേൽപ്രകാരം തുക KAICOയ്ക്ക് നൽകിയിട്ടുണ്ട്. 228 ഗുണഭോക്താക്കൾക്ക് 10 വീതം ചട്ടികൾ വിതരണം ചെയ്യുന്നതിനായി 200 രൂപ നിരക്കിൽ 2280 ചട്ടികൾ വാങ്ങിയതിന് ആകെ നൽകേണ്ടിയിരുന്ന 4,56,000 രൂപയിൽ സ്പിൽ ഓവറായ 72,000 രൂപയാണ് മേൽ പ്രകാരം നൽകിയിട്ടുള്ളത്.
വാങ്ങൽ നടത്തിയതിലെ അപാകം താഴെ ചേർക്കുന്നു.

ഈ വാങ്ങലുകളിൽ തൈച്ചെടികളും, പച്ചക്കറി വിത്തുകളും ഉൾപ്പെടുന്നതിനാൽ സീഡ് ആക്ട് പ്രകാരം വിത്ത് വിൽപ്പന ലൈസൻസ്, നടീൽവസ്തുക്കൾ വിൽപ്പന നടത്തുന്നതിനുള്ള നഴ്സറി ലൈസൻസ് എന്നിവ വിതരണ സ്ഥാപനത്തിന് ഉണ്ട് എന്ന് ഉറപ്പാക്കണമെന്ന് 24.11.2022 ലെ സ.ഉ.(സാ) നം.2911/2022/ത.സ്വ.ഭ.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇക്കാര്യം ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക പട്ടിക 6.1 ലെ ക്രമ നമ്പർ 15 പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടിയിൽ തൈച്ചെടികൾ വിതരണം ചെയ്യുന്ന ഇനമാണ്. പ്രോജക്ട് നിർവ്വഹണത്തിന് മൺചട്ടിയ്ക്ക് പകരം HDPE ചട്ടി ഉൾപ്പെടുത്തുന്നതിനും, ടെണ്ടർ നടപടി സ്വീകരിച്ച് വാങ്ങൽ നടത്തുന്നതിനും 18.11.2022ലെ സ.ഉ.(സാ) നം. 2854/2022/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. HDPE ചട്ടികളുടെ ഗുണനിലവാര മാനദണ്ഡങ്ങൾ 30.10.23ലെ DA-1/386/2021/Lsgd, 09.04.2024ലെ DA-1/25/2024/ത.സ്വ.ഭ.വ. സർക്കുലറുകളിലൂടെയും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ KAICOയിൽ നിന്നും 200 രൂപ നിരക്കിൽ HDPE ചട്ടികൾ ഗ്രാമപഞ്ചായത്ത് വാങ്ങിതായിട്ടുണ്ട്.
ഇതേ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചപ്പോൾ തൈച്ചെടികളും, പോട്ടിംഗ് മിശ്രിതവും ഉൾപ്പെടെ യൂണിറ്റ് ഒന്നിന് കുറഞ്ഞ നിരക്ക് 143 ഉം, രണ്ടാമത്തെ കുറഞ്ഞ നിരക്ക് 152 ഉം രേഖപ്പെടുത്തിയ ടെണ്ടറുകൾ ലഭിക്കുകയുണ്ടായി. ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും മാർക്കറ്റ് വില പരിഗണിക്കാതെയും, ഉത്തരവിലെ സ്പെസിഫിക്കേഷൻ പാലിക്കാതെയും KAICOയിൽ നിന്നും 200 രൂപ നിരക്കിൽ നേരിട്ട് വാങ്ങൽ നടത്തിയത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. HDPE ചട്ടികളുടെ ഉൽപ്പാദകരല്ലാത്ത KAICO യിൽ നിന്നും ടെണ്ടർ കൂടാതെ ചട്ടികൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയ ഉത്തരവുകൾ നിലവിൽ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 9/16.01.2026) തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ടെണ്ടറിൽ നിന്നും പിൻവാങ്ങിയ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി.

പ്രോജക്ട് നം. 43/25 ഇൻസിനറേറ്റർ മാറ്റി സ്ഥാപിക്കൽ

വകയിരുത്തിയ തുക-1,00,000 (വികസന ഫണ്ട്)

ചെലവഴിച്ച തുക-99,120

വൗച്ചർ നമ്പർ-42401103/10.03.2025

ദേശീയ പാതയ്ക്ക് അഭിമുഖമായി ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ നിലവിലുണ്ടായിരുന്ന ഇൻസിനറേറ്റർ 150 മീറ്റർ ദൂരപരിധിയ്ക്കുള്ളിൽ മാറ്റി സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ലഭിച്ച ടെണ്ടറുകളിൽ കുറവ് രേഖപ്പെടുത്തിയ അസിം ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 09.01.2025 ലെ ഭരണ സമിതി 1 (1) നമ്പറായി അംഗീകരിച്ചു. കരാറിലേർപ്പെടുന്നതിന് ആവശ്യപ്പെട്ട് സ്ഥാപനത്തിന് കത്തയച്ചുവെങ്കിലും മറുപടി ലഭിക്കാത്തതിനെ തുടർന്ന് 05.02.2025ലെ ഭരണസമിതിയുടെ 1 (9) നമ്പർ തീരുമാന പ്രകാരം അസിം ട്രേഡേഴ്സിന്റെ ടെണ്ടർ റദ്ദ് ചെയ്തതായി 10.02.2025 ലെ കത്ത് പ്രകാരം സ്ഥാപനത്തെ അറിയിക്കുകയും രണ്ടാമത്തെ കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ ആനന്ദ് പൂത്തിലൻ എന്ന കമ്പനിയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. എം.എസ്.എം.ഇ. രജിസ്ട്രേഷൻ/ഉദ്യം സർട്ടിഫിക്കറ്റ് പ്രകാരം സ്ഥാപനത്തിന് ടെണ്ടർ ഫോറം, നിരതദ്രവ്യം എന്നിവ അടവാക്കുന്നതിൽ ഇളവു നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കുറവ് നിരക്ക് രേഖപ്പെടുത്തിയ അസിം ട്രേഡേഴ്സിൽ നിന്നും നിരതദ്രവ്യം കണ്ടുകെട്ടിയതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനം ടെണ്ടർ തുറക്കുന്നതിന് മുൻപായി സമർപ്പിച്ച ടെണ്ടർ പിൻവലിക്കുകയാണെങ്കിൽ മാത്രമേ ആയത് നിയമാനുസൃതം അംഗീകരിക്കാൻ സാധിക്കുകയുള്ളു. അതേ സമയം ടെണ്ടർ ഓപ്പൺ ചെയ്ത ശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം ടെണ്ടറിൽ നിന്നും പിൻവാങ്ങിയാൽ/കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം ടെണ്ടർ നിരക്കിൽ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് തയ്യാറായില്ല എങ്കിൽ സ്റ്റോർ പർച്ചെയ്സ് മാന്വലിലെ ഖണ്ഡിക 8.15 പ്രകാരം സ്ഥാപനം സമർപ്പിച്ച നിരതദ്രവ്യം കണ്ടു കെട്ടുന്നതിന് നടപടി സ്വീകരിക്കണം. പിൻവാങ്ങിയ സ്ഥാപനം എം.എസ്.എം.ഇ. കളാണെങ്കിൽ ഇക്കാര്യം എം.എസ്.എം.ഇ. മന്ത്രാലയത്തെ അറിയിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. കുറവ് രേഖപ്പെടുത്തിയ സ്ഥാപനം ടെണ്ടറിൽ നിന്നും കാരണം കൂടാതെ പിൻവാങ്ങിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. എന്നാൽ കുറവ് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ നഷ്ടോത്തരവാദത്തിൽ പ്രവൃത്തി നടത്തുന്നതിനോ, ഗ്രാമപഞ്ചായത്തിനുണ്ടായ അധിക ചെലവ് ഈടാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ മറുപടി

നൽകുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ.20/20.01.2026) നൽകിയിട്ടുണ്ടെങ്കിലും മറുപടി നൽകിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**1-22 കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ പിൻ വലിച്ച സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചില്ല, റീ ടെണ്ടറിന് പകരം രണ്ടാമത്തെ നിരക്ക് അംഗീകരിച്ചത് മൂലം 29,214രൂപ അധികം നൽകി**

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ 71/25-ടെറസ്സിലും മുറ്റത്തും പച്ചക്കറി കൃഷി.

വകയിരുത്തിയ തുക-4,93,400 (വികസന ഫണ്ട്)

ചെലവഴിച്ച തുക-1,23,392

വൗച്ചർ നമ്പർ-42400802/22.03.2025

പോട്ടിംഗ് മിശ്രിതം നിറച്ച HDPE ചട്ടികളിൽ പച്ചക്കറിതൈകൾ വിതരണം ചെയ്യുന്നതിന് കൃഷി ഓഫീസർ 07.01.2025ന് OMR-21/2024-25 നമ്പറായി ടെണ്ടർ ക്ഷണിക്കുകയും 08.01.2025 ന് പത്രപരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയതി 18.01.2025 ആയിരുന്നു. ലഭിച്ച മൂന്ന് ടെണ്ടറുകളിൽ കുറഞ്ഞ നിരക്കായ 143 രൂപ രേഖപ്പെടുത്തിയിരുന്ന SERA Plastics, ഒല്ലൂർ എന്ന സ്ഥാപനം സാങ്കേതിക തകരാറുകൾ മൂലം ടെണ്ടറിൽ നിന്ന് പിൻവാങ്ങുന്നതായി 21.01.2025 ലെ കത്ത് പ്രകാരം അറിയിക്കുകയും തുടർന്ന് 22.01.2025 ലെ ഭരണസമിതി 2(14) തീരുമാനപ്രകാരം രണ്ടാമത്തെ കുറവ് നിരക്ക് രേഖപ്പെടുത്തിയ സൗമ്യ പ്ലാസ്റ്റിക്സ്, ഒല്ലൂർ എന്ന സ്ഥാപനത്തിന്റെ 152 രൂപ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.

മേൽ തീരുമാന പ്രകാരം സൗമ്യ പ്ലാസ്റ്റിക്സിൽ നിന്നും 152 രൂപ നിരക്കിൽ 3246 ചെടിച്ചട്ടികൾ വാങ്ങിയതിന് 4,93,392 രൂപയുടെ ഇൻവോയ്സുകൾ ലഭിച്ചത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇൻവോയ്സുകൾ പ്രകാരമുള്ള തുക തൻവർഷത്തിൽ സൗമ്യ പ്ലാസ്റ്റിക്സിനു നൽകിയിട്ടില്ല. പോട്ടിംഗ് മിശ്രിതം നിറച്ച തൈച്ചെടികൾ 325 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി വിതരണ രജിസ്റ്റർ പേജ് 106-129 വരെ ഭാഗങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച സ്ഥാപനം കാരണം കൂടാതെ ടെണ്ടറിൽ നിന്നും പിൻവാങ്ങിയിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

**പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട അപാകങ്ങൾ.**

1. ലഭിച്ച മൂന്നു ടെണ്ടറുകൾ 18.01.2025ന് തുറന്നു പരിശോധിച്ചതു പ്രകാരം കുറവ് നിരക്ക് രേഖപ്പെടുത്തിയ M/S Sera പ്ലാസ്റ്റിക്സ് എന്ന സ്ഥാപനത്തിന് നൽകിയ സെലക്ഷൻ നോട്ടീസ് പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഇവ രണ്ടും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2 ഉദ്യം രജിസ്ട്രേഷൻ ഉള്ള MSME യൂണിറ്റുകൾ അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്ന സംഗതികളിൽ സ്ഥാപനങ്ങൾക്ക് പെർഫോമൻസ് ഗ്യാരണ്ടി അടവാക്കുന്നതിൽ നിന്നും ഇളവുണ്ട്. എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ 10.01.2017ലെ എസ്.ഒ.85(E) നമ്പർ വിജ്ഞാപനപ്രകാരം ഉദ്യോഗ് ആധാറിന്റെ ആധികാരികത ഉറപ്പാക്കാൻ ജില്ലാ വ്യവസായ കേന്ദ്രം മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാങ്ങൽ നടത്തുന്നതിന് മുൻപായി സ്ഥാപനം എം.എസ്.എം.ഇ തന്നെയാണെന്നും സ്ഥാപനത്തിന് സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യുന്നതിനുള്ള സാങ്കേതികവും, സാമ്പത്തികവുമായ ശേഷി ഉണ്ടെന്നും ഉറപ്പാക്കുവാൻ എല്ലാ സ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതാണെന്ന് സ.ഉ.(പി) നം.2/2019/എസ്.പി.ഡി. തിയതി 24.01.2019 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. നിർമ്മാതാക്കൾക്കും സേവന ദാതാക്കൾക്കും മാത്രമാണ് ടെണ്ടർ ഫീ, ഇ.എം.ഡി, പെർഫോമൻസ് ഗ്യാരണ്ടി എന്നിവയിൽ ഇളവിന് അർഹതയുള്ളത് എന്നതിനാൽ ടെണ്ടറിൽ പങ്കെടുക്കുന്ന എം.എസ്.എം.ഇ.കളുടെ ആധാകാരികത ഉറപ്പു വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ നിയമാനുസൃത നിർമ്മാണ യൂണിറ്റുകളാണോ എന്ന വിവരം പരിശോധിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

3 ലഭിച്ച ടെണ്ടറുകളിൽ കുറവ് തുക രേഖപ്പെടുത്തിയ SERA പ്ലാസ്റ്റിക്സ് എന്ന സ്ഥാപനവും, രണ്ടാമത്തെ നിരക്ക് രേഖപ്പെടുത്തിയ Soumya പ്ലാസ്റ്റിക്സ് എന്ന സ്ഥാപനവും ഒരേ കുടുംബത്തിലെ അംഗങ്ങളുടെ സ്ഥാപനങ്ങളാണ്. സെറ പ്ലാസ്റ്റിക്സ് ഉടമയുടെ വിലാസം ആധാർ നമ്പർ 848181588302 പ്രകാരം ശ്രീ.വിൻസെന്റ്, പാലിയേക്കര വീട്,പി.ഒ.ഒല്ലൂർ, തൃശ്ശൂർ എന്നും, സൗമ്യ പ്ലാസ്റ്റിക്സ് സ്ഥാപനത്തിന്റെ ഉടമയുടെ വിലാസം ശ്രീമതി.ഡെയ്സി വിൻസെന്റ് W/O വിൻസെന്റ്, പാലിയേക്കര വീട്, പി.ഒ.ഒല്ലൂർ, തൃശ്ശൂർ എന്നുമാണ് രേഖപ്പെടുത്തി കാണുന്നത്. ഇതിൽ നിന്നും ഈ രണ്ട് സ്ഥാപനങ്ങളും ഒരേ കുടുംബാംഗങ്ങളുടേതാണ് എന്ന് വ്യക്തമാണ്. മാത്രമല്ല SERA പ്ലാസ്റ്റിക്സ് Soumya Plasticsന്റെ Authorised Distributor ആണ് എന്ന് Soumya Plastics സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ രണ്ട് സ്ഥാപനങ്ങളും ടെസ്റ്റ് റിപ്പോർട്ട്, നഴ്സറി ലൈസൻസ്, അനുബന്ധ രേഖകൾ എന്നിവയെല്ലാം തന്നെ ഒരേ സ്ഥാപനങ്ങളുടേതാണ് സമർപ്പിച്ചിരുന്നത്.

മൂന്നാമതായി ലഭിച്ച റെയ്ഡ്കോ സമർപ്പിച്ച ടെണ്ടർ നിരക്ക് ഈ രണ്ട് ടെണ്ടറുകളേക്കാൾ ഉയർന്നതായതിനാൽ L1 നിരക്കായ 143 രൂപയുടെ ടെണ്ടർ പിൻവലിച്ചാൽ രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സൗമ്യ പ്ലാസ്റ്റിക്സിന്റെ ടെണ്ടറിലൂടെ കൂടിയ തുക ലഭിക്കുമെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് L1 നിരക്ക് രേഖപ്പെടുത്തിയ Sera Plastics എന്ന സ്ഥാപനം സാങ്കേതിക ബുദ്ധിമുട്ടുകൾ മൂലം വിതരണം നടത്താൻ കഴിയില്ലായെന്ന് 21.01.2025 ന് കത്തിലൂടെ അറിയിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്.

തുടർന്ന് രണ്ടാമത്തെ നിരക്കായ 152 രൂപ നിരക്കിൽ വാങ്ങൽ നടത്തുന്നതിന് ഭരണ സമിതി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ സൗമ്യ പ്ലാസ്റ്റിക്സിൽ നിന്നും തൈച്ചെടികളോട് കൂടിയ HDPE ചട്ടികൾ വാങ്ങുകയാണ് ചെയ്തത്. എന്നാൽ ഇത് നിയമാനുസൃതമല്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 8/16.01.2026) തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. ലഭിച്ച ടെണ്ടറുകളിൽ ടെണ്ടർ തുറക്കുന്നതിന് മുൻപ് സ്ഥാപനം ടെണ്ടർ പിൻവലിക്കുകയാണെങ്കിൽ മാത്രമേ ആയത് നിയമാനുസൃതം

അംഗീകരിക്കാൻ സാധിക്കുകയുള്ളൂ. അതേ സമയം ടെണ്ടർ ഓപ്പൺ ചെയ്ത ശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം ടെണ്ടറിൽ നിന്നും പിൻവാങ്ങിയാൽ/കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം സാമഗ്രികൾ വിതരണം ചെയ്യുന്നതിന് തയ്യാറല്ലായെങ്കിൽ സ്റ്റോർ പർച്ചെയ്സ് മാന്വലിലെ ഖണ്ഡിക 8.15 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പിൻവാങ്ങിയ സ്ഥാപനം എം.എസ്.എം.ഇ. കളാണെങ്കിൽ ഇക്കാര്യം എം.എസ്.എം.ഇ. മന്ത്രാലയത്തെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. ഈ വാങ്ങൽ മൂലം ഗ്രാമപഞ്ചായത്തിന് 29,214രൂപയുടെ(152-143=9x3246=29,214) നഷ്ടം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 അളവ് പുസ്തകം പ്രകാരം രേഖപ്പെടുത്തിയ ആകെ പ്രവൃത്തി മൂല്യത്തേക്കാൾ കൂടുതൽ തുക കരാറുകാരന് നല്കി.26,806 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിന് അളവ് പുസ്തകം പ്രകാരം രേഖപ്പെടുത്തിയ ആകെ പ്രവൃത്തി മൂല്യത്തേക്കാൾ കൂടുതൽ തുക കരാറുകാരന് നല്കിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | ഫണ്ട് | എസ്റ്റിമേറ്റ് ഐഡി | കരാറുകാരൻ | അളവ് പുസ്തകം പ്രകാരം ചെയ്ത പ്രവൃത്തി മൂല്യം | ആകെ നല്കിയ തുക | കൂടുതലായി നല്കിയ തുക | ചെലവ് വിവരങ്ങൾ | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | വൗച്ചർ | തീയ്യതി | തുക |
| 1. | 148/25 2022-23 ഒരുമനയൂർ ഗ്രാമപഞ്ചായത്ത് വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപണി ( 2022-23 -135/23 ) (2023-24 -120/24) | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 63732 | അബ്ദുൾഖാദർ കെവി | 3,36,948 (5 ആമത്തെ പാർട്ട് ബിൽ) | 3,63,754 (2022-23 / 75,229 രൂപ) (2023-24/ 2,55,609രൂപ) (2024-25/ 32,916രൂപ) | 26,806 | 42200987 | 27/03/23 | 75,229 |
| | | | | | | | | 42300833 | 21/08/23 | 41,674 |
| | | | | | | | | 42300868 | 17/11/23 | 60,713 |
| | | | | | | | | 42300870 | 29/11/23 | 97,428 |
| | | | | | | | | 42300878 | 12/12/23 | 55,794 |
| | | | | | | | | 42401061 | 19/02/25 | 32,916 |
| | | | | | | | | **ആകെ** | | **3,63,754** |

പ്രവൃത്തി മൂല്യത്തേക്കാൾ കൂടുതൽ നല്കിയ തുക 26,806 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനിൽ നിന്നോ കൂടുതലായി തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടുതലായി നല്കിയ തുക കരാറുകാരനിൽ നിന്ന് ഈടാക്കാൻ കത്ത് നല്കിയതായി ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി 11/ 17-01-2026) അധികം നൽകിയ തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം-കാര്യക്ഷമത ഉറപ്പാക്കണം

പ്രോജക്റ്റ് നം. 92/25 ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ

വകയിരുത്തിയ തുക-2,57,541 (വികസന ഫണ്ട്)

ചെലവഴിച്ച തുക-1,54,146

വൗച്ചർ നമ്പർ-42401006/20.12.2024

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഹരിത സഹായ സ്ഥാപനമായ IRTCയുമായി മുൻകാല പ്രാബല്യത്തോടെ കരാർ പുതുക്കുന്നതിന് 23.7.2024ലെ ഭരണസമിതി 11 (1) നമ്പറായി തീരുമാനമെടുക്കുകയും 19.04.2024 മുതൽ മുൻകാല പ്രാബല്യത്തോടു കൂടി ഒരു വർഷത്തേയ്ക്ക് കൂടി ഹരിതസഹായ സ്ഥാപനമായി തുടരുന്നതിന് ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാറിൽ ഉഭയ സമ്മതമായി ഗ്രാമപഞ്ചായത്തിന്റെയും IRTCയുടെയും ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. സമഗ്ര മാലിന്യ സംസ്കരണ വിശദാംശ രേഖ തയ്യാറാക്കി ഗ്രാമപഞ്ചായത്തിലെ ജൈവ/ അജൈവ മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി IRTC നിർവ്വഹിക്കേണ്ട 17 ചുമതലകൾ കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതു പ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങളും രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2024 ഏപ്രിൽ മുതൽ സെപ്തംബർ വരെ കാലയളവിലേക്ക് പ്രതിമാസം 25,691 രൂപ നിരക്കിൽ ആകെ 1,54,146 രൂപ 24.10.2024 ലെ രജിസ്ട്രാറുടെ നം.IRTC/HSS/370/535/2024/24.10.2024 കത്ത് പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽ പ്രകാരം തുക നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ ക്രോഡീകരിക്കുകയും, വിലയിരുത്തുകയും, കാര്യക്ഷമമായ മാലിന്യ സംസ്കരണം ഉറപ്പാക്കുകയും ചെയ്തതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.15/20.01.2026) മറുപടി നൽകിയിട്ടില്ല. ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതും കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഓഡിറ്റ് കാലയളവിലെ പ്രവർത്തന റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-25 ഹഡ്കോ ലോൺ തിരിച്ചടവ് - സർക്കാർ ഗ്രാന്റിൽ നിന്നും കുറവു ചെയ്യുന്ന തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

ലൈഫ് മിഷൻ പദ്ധതിയ്ക്കായി കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പ തുകയേക്കാൾ അധികം തുക, ലോൺ തിരിച്ചടവിലേക്കായി വികസന ഫണ്ടിൽ നിന്നും കുറവു ചെയ്തതായി 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക നമ്പർ 1-49) പരാമർശിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിലും വായ്പ ഇനത്തിൽ തിരിച്ചടയ്ക്കാൻ തുക ബാക്കിയില്ലെന്നിരിക്കെ വികസന ഫണ്ട് -ജനറൽ/ എസ്.സി.പി. എന്നിവയിൽ നിന്നും വായ്പാ തിരിച്ചടവ് ഇനത്തിൽ സർക്കാർ തുക കുറവ് ചെയ്തു വരുന്നുണ്ട്. സർക്കാർ 31.03.2025 വരെ ഇത്തരത്തിൽ 23,81,046 രൂപ പഞ്ചായത്തിന് അനുവദിച്ച വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

| 31.03.2024 വരെ വികസന ഫണ്ട് ജനറൽ/എസ്.സി.പി എന്നിവയിൽ നിന്നും കുറവ് ചെയ്ത തുക | 2024-25 വർഷം വികസന ഫണ്ട് ജനറൽ/ എസ്.സി.പി എന്നിവയിൽ നിന്നും കുറവ് ചെയ്ത തുക | 31.03.2025 വരെ കുറവ് ചെയ്ത ആകെ തുക |
|---|---|---|
| 17,47,193 | 6,33,853 | 23,81,046 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകേണ്ട 23,81,046 രൂപ സർക്കാരിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-26 ഹെൽത്ത് ഗ്രാന്റ് അവലോകനം**

ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

ഒരുമനയൂർ ഗ്രാമപഞ്ചായത്ത് – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും

ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും 2 ആരോഗ്യ ഉപകേന്ദ്രങ്ങളും ഉണ്ട്. 2011 ലെ സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 11688 ഉം 14 വാർഡുകളിലായി 3139 വീടുകളും ഉണ്ട്. പാലിയേറ്റിവ് പരിചരണ രംഗത്തും, ആരോഗ്യമേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ശുചിത്വ പരിപാലന/ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധം ഉറപ്പുവരുത്തി പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനും, ആരോഗ്യ പരിശോധനയിലൂടെ പ്രാഥമിക ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ തേടുന്നതിനും, ജീവിത ശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും, ദീർഘകാല രോഗികൾക്ക് സാമൂഹ്യ മാനസിക പിന്തുണ നൽകിയും, പാലിയേറ്റീവ് പരിചരണത്തിലൂടെ കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക് ആശ്വാസം പകരുന്നതിനും ആരോഗ്യമേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് സ.ഉ.(സാധാ)നം.2132/22/ത.സ്വ.ഭ.വ തീയതി 31-08-2022, സ.ഉ.(സാധാ)നം. 1625/23/ത.സ്വ.ഭ.വ. തീയതി 09-08-2023 എന്നീ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിൽ ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മുതൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**ഹെൽത്ത് ഗ്രാന്റ് വരവ്**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്.<br>(Ii) പി.എച്ച്.സി.<br>(സ്കീം 3) | 0 | 1,79,875 | 6,34,000 | 2,65,000 |
| 2 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.<br>(സ്കീം 4) | 0 | 55,000 | 2,83,000 | 4,51,000 |

**ഹെൽത്ത് ഗ്രാന്റ് ചെലവ്**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്.<br>(Ii) പി.എച്ച്.സി.<br>(സ്കീം 3) | 0 | 1,79,875 | 4,90,533 | 1,43,467 |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.<br>(സ്കീം 4) | 0 | 55,000 | 1,02,100 | 1,80,900 |

| ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ | |
|---|---|
| സ്കീം -**3 (Account Number: 110056139015)** | **460596** |
| സ്കീം -**4 (Account Number: 110056138390)** | **282479** |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.
ഗ്രാമപഞ്ചായത്തിനു ലഭിച്ച ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. ആതുര സേവന മേഖലയിൽ പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ-2/13.01.2026)

**1-27 ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനം - അവലോകനം**

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ.(കൈ)നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റി തയ്യാറാക്കിയ ഡിപിആർ പ്രകാരം ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി ആദ്യ ഘട്ടത്തിൽ 700 കണക്ഷനുകളും രണ്ടാം ഘട്ടത്തിൽ 727 കണക്ഷനുകളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്രകാരം രണ്ടു ഘട്ടങ്ങളിലുമായി ഗാർഹിക കണക്ഷൻ നല്കുന്നതിന് 279 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.ജലജീവൻമിഷന് തദ്ദേശ വിഹിതം 15% (41.85 ലക്ഷം ) ,ഗുണഭോക്തൃവിഹിതം 10% (27.9 ലക്ഷം) എന്നിവയിലേയ്ക്ക് നാളിതുവരെ തുകയൊന്നും കൈമാറിയിട്ടില്ല .പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപന വിഹിതവും, ഗുണഭോക്തൃവിഹിതവും കണ്ടെത്താൻ കഴിയാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി നൽകുന്നതിന് 10.08.2020 ലെ സ.ഉ. (സാ) നം.4584/2020/ധന. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.
വിഭാവനം ചെയ്ത ആകെ പ്രോജക്ടുകൾ 700 എണ്ണത്തിൽ 356 കണക്ഷനുകൾ നല്കിയിട്ടുള്ളതായി (56%) ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് ഗ്രാമപഞ്ചായത്ത് മറുപടി നല്കിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി 3 തീയ്യതി 13.01.2026)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 അളവ് പുസ്തകം പ്രകാരം രേഖപ്പെടുത്തിയ ആകെ പ്രവൃത്തി മൂല്യത്തേക്കാൾ കൂടുതൽ തുക കരാറുകാരന് നല്കി.26,806 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.**

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിന് അളവ് പുസ്തകം പ്രകാരം രേഖപ്പെടുത്തിയ ആകെ പ്രവൃത്തി മൂല്യത്തേക്കാൾ കൂടുതൽ തുക കരാറുകാരന് നല്കിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | ഫണ്ട് | എസ്റ്റിമേറ്റ് ഐഡി | കരാറുകാരൻ | അളവ് പുസ്തകം പ്രകാരം ചെയ്ത പ്രവൃത്തി മൂല്യം | ആകെ നല്കിയ തുക | കൂടുതലായി നല്കിയ തുക | ചെലവ് വിവരങ്ങൾ | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | വൗച്ചർ | തീയ്യതി | തുക |
| 1. | 148/25 2022-23 ഒരുമനയൂർ ഗ്രാമപഞ്ചായത്ത് വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപണി | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 63732 | അബ്ദുൾഖാദർ കെവി | 3,36,948 (5 ആമത്തെ പാർട്ട് ബിൽ) | 3,63,754 (2022-23 / 75,229 രൂപ) (2023-24/ 2,55,609(രൂപ) | 26,806 | 42200987 | 27/03/23 | 75,229 |
| | | | | | | | | 42300833 | 21/08/23 | 41,674 |
| | | | | | | | | 42300868 | 17/11/23 | 60,713 |
| | | | | | | | | 42300870 | 29/11/23 | 97,428 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ( 2022-23 -135/23 ) (2023-24 -120/24) | | | | | (2024-25/ 32,916(രൂപ) | | | |
| | | | | | | | | 42300878 | 12/12/23 | 55,794 |
| | | | | | | | | 42401061 | 19/02/25 | 32,916 |
| | | | | | | | | **ആകെ** | | **3,63,754** |

പ്രവൃത്തി മൂല്യത്തേക്കാൾ കൂടുതൽ നല്കിയ തുക 26,806 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനിൽ നിന്നോ കൂടുതലായി തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടുതലായി നല്കിയ തുക കരാറുകാരനിൽ നിന്ന് ഈടാക്കാൻ കത്ത് നല്കിയതായി ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി 11/ 17-01-2026). അധികം നൽകിയ തുക തിരികെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്

1. മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 12 | 58,000 | 58,000 | 0 | 2024-25 വർഷത്തിൽ 3 മാസം 9 ജീവനക്കാരും, 3 മാസം 10 ജീവനക്കാരും 1 മാസം 12 ജീവനക്കാരും 3 മാസം 11 ജീവനക്കാരും, 2 മാസം 7 ജീവനക്കാരുമാണ് ജോലി ചെയ്തിട്ടുള്ളത്. |

*01.04.2024 മുതൽ 31.03.2025നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2. മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല. | | | | | |

3. മെഡിസെപ് പ്രീമീയം ഒടുക്ക് (01.07.2024-ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കി യിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല. | | | | |

4. മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല. | | | | | |

**4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം**

സംയുക്ത പ്രൊജക്ടുകൾക്ക് തൻവർഷം ലഭിച്ചതിൽ ചെലവഴിക്കാൻ ബാക്കി തുക ഇല്ല.

**4-3 ഡെപ്പോസിറ്റ് വർക്കിന തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

ഇല്ല

**4-5 വായ്പ/വായ്പ തിരിച്ചടവ്**

ബാലൻസ് ഷീറ്റ് ബി-5 (330500201-Secured Loan From KURDFC) പ്രകാരം വായ്പ തിരിച്ചടവില്ല. ലോൺ തിരിച്ചടവുമായി ബന്ധപ്പെട്ടുള്ള അപാകത ഖണ്ഡിക 1-25-ൽ പരാമർശിച്ചിട്ടുണ്ട്.

**4-6 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്**

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | | 0 |
| ആകെ | | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | | 5000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | സ്ഥിര നിക്ഷേപത്തിന്റെ വിവരം | 5000 |
| | ടിച്ചൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിക്ഷേപിച്ച തുക | |

**4-7 ഓഡിറ്റ് റിക്കവറി**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരു വിവരങ്ങൾ | രശീതി നമ്പർ/ തിയതി |
|---|---|---|---|---|
| 2023-24 | 1-13 (1) | 8330 | രമേഷ് കുമാർ, മുണ്ടന്തറ ഹൌസ് | 1240101321/ 19.11.2024 |
| 2023-24 | 1-13(2) | 1375 | ഇക്ബാൽ &സാജിത | 1240101252/ 18.11.2024 |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

| ക്രമ നമ്പർ | ഓ. റി. വർഷം | ഖണ്ഡിക | സ. റി. വർഷം | ഖണ്ഡിക | വിഷയം | തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|
| 1 | 2004-05 | 3.6 | 2009-10 | 2.9 | മൊബൈലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി, എന്നാൽ പദ്ധതി പൂർത്തീകരിച്ചില്ല | 25000 | പരാമർശം നിലനിൽക്കുന്നു |
| 2 | 2014-15 | 2-1 | 2016-17 | അദ്ധ്യായം 2, അനുബന്ധം 4 | തൊഴിൽ നികുതി | | പരാമർശം നിലനിൽക്കുന്നു |
| 3 | 2015-16 | 2-1 | 2016-17 | അദ്ധ്യായം 2, അനുബന്ധം 5 | തൊഴിൽ നികുതി | | പരാമർശം നിലനിൽക്കുന്നു |

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 4372462 |
| ഓഡിറ്റ് വർഷത്തെ വരവ് | 29693058 |
| ആകെ | 34065520 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 26209534 |
| നീക്കിയിരിപ്പ് | 7855986 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26,806 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,35,357 |

*ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക കണക്കിന്റെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിലെ വരവിലും ചെലവിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 26,806 | ദീപക് എസ് ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>ഒരുമനയൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | 26,806 | |

**തടസപ്പെടുത്തുന്ന തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-18(1) | 99963 | ശശികുമാർ ആർ, സെക്രട്ടറി |
| 1-18(2) | 465394 | ശശികുമാർ ആർ, സെക്രട്ടറി |
| 1-18(3) | 70000 | ശശികുമാർ ആർ, സെക്രട്ടറി |
| | 6,35,357 | |

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ദീപക് എസ് ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ | ദീപക് എസ് ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>ഒരുമനയൂർ ഗ്രാമപഞ്ചായത്ത് | ലതാ നാരായണൻ<br>നേതാജി നഗർ<br>സ്ട്രീറ്റ് -1, അരിക്കട മുക്ക്, പ്രാവച്ചമ്പലം |
| ശശികുമാർ ആർ, സെക്രട്ടറി | സെക്രട്ടറി, നീലംപേരൂർ ഗ്രാമപഞ്ചായത്ത് ആലപ്പുഴ | അറയ്ക്കൽ ഹൗസ്, കലവൂർ, ആലപ്പുഴ |

**4-11 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ**

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT.13-564/98 Dt.12.10.98 | 7 | 34, 38(1,2), 54, 56, 58, 59, 61 | |
| 2 | 1997-98 (ചെലവ്) | LFT.17-1844/99 Dt.2.2.2000/29.5.2000 | 9 | 5, 8, 10(B,C), 14(A,B,C,D,E,F,G), 15(C,D,E,F),16(B,C,D,E), 17(A,B,C,D), 18, 19 | |
| 3 | 1998-99 (ചെലവ്) | LFT.13-733/01 Dt.27.6.02/9.12.02 | 17 | 2, 5, 6, 8, 11(A,B), 12, 13, 14, 15, 16, 17, 18, 20, 21, 22, 23, 24 | |
| 4 | 1999-2000 (ചെലവ്) | LFT.13-740/03 Dt.2.9.2003 | 8 | 6, 10, 13, 14, 15, 16, 19, 20 | SCH Certificate 14, 16 |
| 5 | 2000-01 2001-02 (Plan) | LFT.13-1540/03 Dt.20.02.04/21.05.04 | 6 | 3-2, 3-4, 3-5, 3-6, 3-7, 3-8 | |
| 6 | 2000-01 | LFT.13-1520/07 Dt.24.6.08/16.10.08 | 4 | 3-3, 3-5, 3-6, 3-7 | |
| 7 | 2001-02 | LFT.13-2359/07 Dt.24.6.08/16.10.08 | 1 | 3-2 | |
| 8 | 2002-02 | LFT.13-2360/07 Dt.24.06.08/16.10.08 | 3 | 3-2, 3-6, 3-8 | |
| 9 | 2003-04 | LFT.13-1263/08 Dt.15.12.09/6.2.10 | 6 | 3-2, 3-3, 3-4, 3-5, 3-6, 3-8 | |
| 10 | 2004-05 | LFT.13-1264/08 Dt.15.12.09/6.2.10 | 3 | 3-1, 3-6, 3-7(1,2,3) | 3-6 CAR |
| 11 | 2005-06 | LFT.13-650/09 Dt.18.9.10/7.5.11 | 3 | 3-1, 3-4, 3-5 | |
| 12 | 2006-07 | LFT.13-651/09 Dt.18.9.10/7.5.11 | 7 | 3-1, 3-3, 3-5, 3-6, 3-7, 3-8, 3-9 | |
| 13 | 2007-08 | LFT.13-1137/10 Dt.22.1.11 | 7 | 2-1, 2-2, 3-2, 3-3, 3-4, 3-5, 3-7 | |
| 14 | 2008-09 | LFT.13-1138/10 Dt.22.1.11/7.5.11 | 6 | 3-1,3-4,3-5, 3-6,3-7,3-8 | 3-1 Case |
| 15 | 2009-10 | LFT(P4)-1078/12 Dt.27.9.12/14.3.13 | 6 | 2-5(1), 3-1,3-2,3-4, 3-7(1,2),3-8 | 3-1 Case |
| 16 | 2010-11 | LFT(P4)-1079/12 Dt.27.9.12/14.3.13 | 4 | 2-1, 3-1, 3-6, 3-7 | |
| 17 | 2011-12 | LFT(P4)-1434/13 Dt.13.1.14/4.3.14 | 11 | 2-2, 3-1, 3-2, 3-3, 3-4, 3-5(1,2,3), 3-6, 3-7(1,2,3,4,5), 3-8, 3-9, 3-12 | |
| 18 | 2013-14 | KSATSR (P8)-944/15 Dt.20.07.15/7.12.15 | 4 | 3-2(A,B), 3-3, 3-5(1), 3-6 | |
| 19 | 2014-15 | KSATSR (P8)-1228/16 Dt.23.7.16 | 4 | 2-1 | 2-1 (CAR 2016-17) |
| | | | | 3-4, 3-5, 3-8 | |
| 20 | 2015-16 | KSATSR (P8)-32/17 Dt.6.1.17 | 5 | 2-1, 3-1, 3-4, 3-6, 3-8 | (CAR 2-1 2016-17) |
| 21 | 2016-17 | KSATSR (P8)-1405/17 Dt.17.10.17/18.11.17 | 7 | 2-1, 2-5(1,2), 2-7-4(1,3), 3-5, 3-8, 3-14, 3-19 | 2-7(4,3) |
| 22 | 2017-18 | KSATSR (P8)-1719/18 Dt.4.12.18 | 7 | 2-1, 2-4, 2-6, | |

| | | | | | |
|---|---|---|---|---|---|
| | | | | 2-13, 3-4, 3-10, 3-16 | |
| 23 | 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി.6)1171/2020/ 01/12/2020 | 21 | 1-9, 1-11, 1-12(1), 1-13, 1-14(1), 1-16-1(എ,സി), 1-17, 1-18(1,3), 1-19, 1-20, 1-21, 1-22, 1-23, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-34 | |
| 24 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി.6)1707/2021 / 01/06/2022 | 49 | 1-9, 1-11-1, 1-11-2, 1-11-3, 1-11-4, 1-11-5, 1-11-6, 1-11-7, 1-11-8, 1-11-9, 1-11-10, 1-11-11, 1-11-12, 1-11-13, 1-11-14, 1-11-15, 1-11-16, 1-11-17, 1-11-18, 1-11-19, 1-11-20, 1-11-21, 1-11-22, 1-11-23, 1-12, 1-13-1, 1-13-2, 1-13-3, , 1-14-1, 1-14-2, 1-14-3, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32 | |
| 25 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ.(പി.6)1708/2021 / 01/06/2022 | 37 | 1-9, 1-11-9, 1-11-11, 1-11-12, 1-11-14, 1-11-16, 1-11-17, 1-11-18, 1-11-19, 1-11-20, 1-11-21, 1-11-22, 1-11-23, 1-11-24, 1-11-25, 1-11-26, 1-11-27,1-12, 1-14-1, 1-14-2, 1-14-3, 1-14-4, 1-15-1, 1-15-3, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-18(3), 1-28 | |
| 26 | 2021-22 | കെ.എസ്.എ.ടി.എസ്.ആർ (P6 ) 2144/2022/ 29/03/2023 | 37 | 1-10, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49 | |
| 27 | 2022-23 | കെ.എസ്.എ.ടി.എസ്.ആർ (P6) 1742/2023/ 30/11/2023 | 17 | 1-1,1-10, 1-12,1-13, 1-14, 1-15,1-16, 1-17, 1-18,1-20, 1-21,1-22, 1-23, 1-25, 1-26, 1-30,1-31 | |
| 28 | 2023-24 | കെ.എസ്.എ.ടി.എസ്.ആർ (P6) 1591/2024/ 01/01/2025 | 37 | 1-1,1-9,1-10,1-11,1-12,1-13, 1-14,1-15, (1-15-1,1-15-2) ,1-16,1-17,1-18, 1-19,1-120,1-21,1-22, 1-23,1-24,1-25,1-26,1-27, 1-28,1-29,1-30, 1-31,1-32,1-33,1-34, 1-35,1-36,1-37, 1-38,1-39,1-40,1-41,1-42, 3-1 | |
| | **ആകെ** | | **333** | | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 14(1) dated 14-07-2025 and submitted on 16-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Orumanayoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Orumanayoor Grama Panchayat as on 31-03-2025

**Date: 05/03/2026**

**Deputy Director**
**District Office Thrissur**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Orumanayoor Grama Panchayat for the Year 2024-2025 .

**1.Major Observations**

1. Misclassifications involving a total of Rs 1,75,000 which were expenditures from the CFC Tied Grant, for asset creation, were

incorrectly recorded as revenue expenditures. This resulted in discrepancies in the Income & Expenditure statement and adversely affected the financial position of the institution as depicted in the Balance Sheet.The details are as follows:

| Project No/Name | Voucher No/Date | Amount | Booked revenue Head |
|---|---|---|---|
| 167 ELECTRIC VEHICLE FOR HARITHA KARMA SENA | 42400969/ 30.09.2024 | 1,75,000 | 251130803 - Solid Waste Management - Collection and Transportation |

2. Under the Jal Jeevan Mission project, land was purchased at a cost of 9,00,000 through Project No. 41/25 for the installation of a water tank. However, instead of being recorded under the appropriate asset head relating to land, the amount was booked under the asset head **414120007 Public Drinking Water Programmes Tank.**

**2.Other Observations**

A.Comments relating to Balance Sheet

1.The funds for the capital works, which were carried out using various grants, have not been credited to the capital contribution account, violating the

accounting principles set forth in G.O.(Ms) No.152/2011/LSGD dated 26/7/2011. Amounts equivalent to the capital activities carried out using the grants are not being added under the heading "Capital Contribution. "As a result, the grant amounts used for capital expenditures are being included as the institution's income, leading to an increase in the surplus calculated according to the Income and Expenditure Account.The details are as follows:

| Sl.No. | Fund | Project Name/Number | Vocher Number/Date | Amount | Expenditure Head |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1. | **Development Fund (CFC Untied Grant)** | 41/25 - Purchase of land for water tank (Jal jeevan Mission) | 42400818/ 26.03.2025 | 9,00,000 | 414120007 - Public Drinking Water Programmes-Tank |
| 2. | **Development Fund (CFC Tied Grant)** | 167/25 - ELECTRIC VEHICLE FOR HARITHA KARMA SENA | **42400969/ 30.09.2024** | 1,75,000 | 251130803 - Solid Waste Management - Collection and Transportation |
| 3. | | 160/25 - Construction of drain connecting from muthenmavu karyakkadavu therdi link road to thaikkadavu Masjid road Project No. | **42401305/ 31.03.2025** | 392785 | 414140102 - Sanitation And Waste Management-Public Programmes-Waste Processing Plant |

2. Grant amount shown as liability in Balance sheet does not match with bank account opened for the specific grant account. Details are given below:

| Head | Closing Balance as per Schedule B-4 of Balance Sheet | Bank Account | Closing Balance as per Schedule B-17 of Balance Sheet |
|---|---|---|---|
| 320200104-Development Fund- Central Finance Commission Grant- Basic Tax | 694669 | 450220104-SIB CFC (A/c No.0168053000013885) | 25,40,819 |
| 320200113-Development Fund- Central Finance Commission Grant- Tied Fund | 1843284 | | |
| Total | 25,37,953 | | |

**B) Comments relating to Cashflow Statement**

As per the cash flow statement the net increase in cash and cash equivalents recorded for the year 2024-25 period is 34,83,524. In the same statement the net cash generated by Operating+Investing+Financing Activity for the 2024-25 period is -26,65,323. According to accepted accounting standards, the above two amounts should tally, however the two amounts in the statement submitted by the panchayath do not match.

**C) Comments relating to Ratios &Notes to accounts**

All the statements required as per accounting rules have not been included in the annual accounts. The Annual Financial Statement does not include the Key ratios and Notes.

a) Rule 62(E) - Notes on accounts - such as Significant accounting policies, Statement on contingent liabilities, subsidy reports, etc.
b) Rule 62(F) - Key ratios.

**D) Comments relating to Bank Reconciliation Statement**

Monthly Reconciliation Statements havenot been prepared for the following bank accounts

| Sl.No. | Head | Bank Account | Amount |
|---|---|---|---|
| 1 | 450210101 | KERALA GRAMIN BANK BHAVANA NIDHI (40304101024469) | 1023 |
| 2 | 450210101 | SBT Chavakkad ( 123) | 200 |
| 3 | 450210102 | Other co-operative Bank(310) | 300 |
| 4 | 450210104 | TREASURY VPFA OWNFUND OLD123 | 204 |

**E) Comments relating to Journal Vouchers**

Transactions that are not related to cash or bank/treasury accounts must be recorded in the journal book (Panchayati Raj Accounts Rules, 2011, Rule 7). For all journal vouchers, duly certified vouchers and worksheets must be authenticated and kept on record. At present, such control is absent, and journal entries are being recorded without it. Mainly, journal entries for writing off, adjusting, or manually reconciling in the DCB register (as per Sanchaya software) amounts related to property tax collections, arrears, advances, outstanding demands, arrear collections, and arrear balances as well as for increasing advance amounts are being made without keeping any vouchers on record. For all journal vouchers, duly certified vouchers and worksheets must be authenticated and kept on record.

**F) Comments relating to Inventory and other registers**

1. The project expenditure incurred from JIlla&Block Panchayth Grant as per the annual accounts do not match the total expenditure amount as per the Sulekha expenditure statement/grant statement. Details are provided below:

| Fund | Asper AFS | As per Sulekha Satement | Difference |
|---|---|---|---|
| Contribution From JIlla Panchayth | 36,93,361 | 36,33,334 | 60,027 |
| Contribution From Block Panchayth | 29,79,900 | 23,04,900 | 6,75,000 |

2.As per Balance Sheet Schedule B-4 the following Special Purpose Grant amounts do not have corresponding bank accounts disclosed in Schedule B-17. Hence, it is inferred that the below-mentioned special purpose funds and beneficiary contributions may have been deposited into the Own Fund account. Instead of recording individual receipts and expenditures of the Special Purpose Grants for the financial year the total receipts and total expenditures are recorded in the Appropriation Control Register. Therefore the balances of following Special Purpose Grants could not be verified.

| Head | Balance as on 31.03.2025 |
|---|---|
| 320100105 - Awards And Honours - Central Government | 370872 |
| 320100122- Integrated Housing And Slum Development Programme | 983 |
| 320100190- Other Schemes | 51,117 |
| 320100152- Rural Housing-Housing For All | 5,64,163 |
| 320100181- Total Sanitation Campaign | 1049 |
| 320100192 - Flood Relief Grant | 1,00,000 |
| 320100196 -Integrated Child Developement Scheme | 18,87,250 |
| 320100198 - Grant from Suchitwa Mission | 2,83,000 |
| 320100199 - Other Liabilities | 44,526 |
| 320300199 - Grants, Funds & Contributions For Specific Purposes - Other Government Agencies | 1,87,191 |
| 320800101 - Beneficiary Contributions | 9,75,113 |

3.The Deposit Register is not being maintained properly. Details such as the name of the institution/person who deposit is received , the purpose for which the deposit was made, and particulars of the amount to be adjusted have not been recorded in the Deposit Register. Consequently, the accuracy of the closing balances under the heads included in **Balance Sheet Schedule B-7** could not be ensured.
4.The Advance Register is not being maintained. Consequently, the accuracy of the closing balances under the heads included in **Balance Sheet Schedule B-18** could not be verified.

DEPUTY DIRECTOR

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

**Orumanayoor Grama Panchayat**
**BALANCE SHEET**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -16869023.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 4300.00 |
| 312000000 | Reserves | B-3 | 52018207.00 |
| | **Total Reserve & Surplus** | | **387050028.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7753082.00 |
| | **Total Grants, Contributions for Specific Purposes** | | **81995648.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 820357.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1700470.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **27247875.00** |
| | **TOTAL LIABILITIES** | | **496293551.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 3440858.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 731889.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 9147659.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 47504253.00 |
| 416000000 | Accumulated Depreciation | B-11(a) | -31832229.00 |
| | **Total Fixed Assets** | | **328019308.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 5000.00 |



Digitally signed by Shipud
Date: 2025.07.16 12:58:3
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **55000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3222335.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 7855986.00 |
| 460000000 | Loans, Advances and Deposits | B-18 | 5351642.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **168219243.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **496293551.00** |

**Orumanayoor Grama Panchayat**

**INCOME & EXPENDITURE STATEMENT**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4267459.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 213401.00 |
| 140000000 | Fee & User Charges | I-4 | 1921117.00 |
| 150000000 | Sale & Hire Charges | I-5 | 168100.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 80954162.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 71661.00 |
| 180000000 | Other Income | I-9 | 26685.00 |
| 190000000 | Prior Period Income | I-19 | 28842.00 |
| | **Total Income** | | **913188805.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10137820.00 |
| 220000000 | Administrative Expenses | I-11 | 842043.00 |
| 230000000 | Operations & Maintenance | I-12 | 932151.00 |
| 240000000 | Interest & Finance Charges | I-13 | 1452.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 1945579.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 24281396.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6760109.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 6558660.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 28592000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 678656.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by Shipud
Date: 2025.07.16 12:58:4-
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 7632750.00 |
| | **Total Expenditure** | | **925543270.00** |
| | **Gross Surplus / Deficit of income over Expenditure** | | **-12354465.00** |
| | **Gross Surplus / Deficit of income over Expenditure** | | **-12507003.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 181380.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-152538.00** |

# Orumanayoor Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 4273696.00 |
| Cash | Cash | RP-40(a) | 98766.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 846910.00 |
| 130000000 | Rental income from Panchayat Properties | RP-3 | 131081.00 |
| 140000000 | Fees & User Charges | RP-4 | 1858784.00 |
| 150000000 | Sale & Hire Charges | RP-5 | 15400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9616101.00 |
| 171000000 | Interest Earned | RP-9 | 71661.00 |
| 311000000 | Earmarked Funds | RP-28 | 165.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11500719.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5012585.00 |
| 460000000 | Loans, Advances and Deposits | RP-49 | 36000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 26685.00 |
| 340000000 | Deposits Received | RP-33 | 353870.00 |
| 350000000 | Other Liabilities | RP-35 | 223097.00 |
| | **Grand total** | | **356768698.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 3240.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19551.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 21480.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3160712.00 |
| 460000000 | Loans, Advances and Deposits | RP-49 | 1289833.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 60974.00 |
| 350000000 | Other Liabilities | RP-35 | 21653744.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 7778596.00 |

Page No : 1

Digitally signed by Shipud
Date: 2025.07.16 12:58:5
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 77390.00 |
| | **Grand Total** | | **356768698.00** |



DEPUTY DIRECTOR